# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1954 — 04/10/2011-ൽ മറുപടിക്ക്

## മത്സരപരീക്ഷാ പരിശീലന കേന്ദ്രങ്ങൾ

**ചോദ്യം**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി.ബി. അബ്ദുൾ റസാക് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. ഷംസുദ്ദീൻ :

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ന്യൂനപക്ഷ സമുദായാംഗങ്ങളെ ഉയർന്ന മത്സര പരീക്ഷകൾക്കായി പരിശീലിപ്പിക്കുന്നതിന് ഏതെല്ലാം കേന്ദ്രങ്ങൾ നിലവിലുണ്ടെന്നും പുതുതായി ഏതെല്ലാം കേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ; | (എ) ന്യൂനപക്ഷ ക്ഷേമം സംബന്ധിച്ചിട്ടുള്ള സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സിവിൽ സർവ്വീസ്, യു.പി.എസ്.സി., ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയുള്ള പരീക്ഷകൾക്കുള്ള, ഹ്രസ്വകാല പരിശീലനങ്ങൾ നൽകുന്നതിന് സംസ്ഥാനത്ത് കോഴിക്കോട്, പയ്യന്നൂർ, പൊന്നാനി, ആലുവ, കരുനാഗപ്പള്ളി എന്നീ 5 കേന്ദ്രങ്ങളിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കാസർഗോഡും, മലപ്പുറം ജില്ലയിലെ വേങ്ങരയിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന് പുറമേ കാഞ്ഞിരപ്പള്ളി, പത്തനംതിട്ട, തിരുവനന്തപുരം എന്നിവിടങ്ങളിൽ പുതിയതായി മൂന്ന് പരിശീലന കേന്ദ്രങ്ങൾ കൂടി തുടങ്ങുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (ബി) സംസ്ഥാന ഹജ്ജ് ഹൗസ് കേന്ദ്രീകരിച്ച് ഇത്തരം ഒരു കേന്ദ്രം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ.**